എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 5, ലക്കം 01 | 2024 ജനുവരി 05




# ദേശീയ ഊർജ്ജ കാര്യക്ഷമതാ പുരസ്കാരം 2023

## കേരളത്തിന് വീണ്ടും പുരസ്കാരം

ദേശീയ ഊർജ്ജ കാര്യക്ഷമതാ സൂചികയുടെ അടിസ്ഥാനത്തിലുള്ള ദേശീയ ഊർജ്ജകാര്യക്ഷമതാ പുരസ്കാരം കേരളത്തിന് ലഭിച്ചു. സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ഊർജ്ജ കാര്യക്ഷമത വിലയിരുത്തുന്ന ദേശീയ ഊർജ്ജകാര്യക്ഷമതാ സൂചികയിൽ ഗ്രൂപ്പ് രണ്ട് വിഭാഗത്തിലാണ് കേരളം ഉൾപ്പെടുന്നത്. 77.5 പോയിന്റുമായി ഈ വിഭാഗത്തിൽ കേരളം രണ്ടാം സ്ഥാനം കരസ്ഥമാക്കി. 83.5 പോയിന്റുമായി ആന്ധ്രാപ്രദേശ് ഗ്രൂപ്പിൽ ഒന്നാം സ്ഥാനത്തെത്തി.

കാർഷികരംഗം, വൈദ്യുത വിതരണ രംഗം, ഗതാഗതം, വ്യവസായികരംഗം, ഗാർഹികരംഗം എന്നീ മേഖലകളിലെ ഊർജ്ജകാര്യക്ഷമത ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ കണക്കിലെടുത്താണ് കേരളത്തിന് പുരസ്കാരം ലഭിച്ചത്. ഡൽഹി വിഗ്യാൻ ഭവനിൽ വച്ച് നടന്ന അവാർഡ് ദാന ചടങ്ങിൽ ബഹുമാനപ്പെട്ട ഇന്ത്യൻ രാഷ്ട്രപതി ദ്രൗപതി മുർമുവിൽ നിന്നും എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ. ഹരികുമാർ പുരസ്കാരം ഏറ്റുവാങ്ങി. ചടങ്ങിൽ കേന്ദ്ര ഊർജ്ജ-അക്ഷയോർജ്ജ വകുപ്പ് മന്ത്രി ആർ. കെ. സിങ്, കേന്ദ്ര ഊർജ്ജ-വ്യവസായ വകുപ്പ് സഹമന്ത്രി കിഷൻ പാൽ, ഊർജ്ജ വകുപ്പ് സെക്രട്ടറി പങ്കജ് അഗർവാൾ, ബി.ഇ.ഇ. ഡയറക്ടർ ജനറൽ അഭയ് ബാക്രെ, എന്നിവർ സന്നിഹിതരായിരുന്നു.

# സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡുകൾ പ്രഖ്യാപിച്ചു

2023-ലെ കേരള സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡുകൾ പ്രഖ്യാപിച്ചു. കേരളത്തിൽ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കേരള സർക്കാർ ഏർപ്പെടുത്തിയ അവാർഡിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് എനർജി മാനേജ്മെന്റ് സെന്ററാണ്. സർക്കാർ നിയോഗിച്ച സംസ്ഥാനതല ജഡ്ജിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് അപേക്ഷകൾ വിലയിരുത്തി അവാർഡുകൾ പ്രഖ്യാപിച്ചത്. വൻകിട ഊർജ്ജ ഉപഭോക്താക്കൾ, ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ, ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ, കെട്ടിടങ്ങൾ, സംഘടനകൾ / സ്ഥാപനങ്ങൾ, ഊർജ്ജക്ഷമതയുള്ള ഉൽപ്പന്നങ്ങളുടെ പ്രമോട്ടർമാർ, ആർക്കിടെക്ചറൽ- ഗ്രീൻ ബിൽഡിംഗ് കൺസൽട്ടൻസികൾ എന്നീ വിഭാഗങ്ങളിലായാണ് അപേക്ഷകൾ ക്ഷണിച്ചത്. 2023 ൽ ആകെ 80 അപേക്ഷകരാണ് ഉണ്ടായിരുന്നത്. അവാർഡ് അപേക്ഷകർ ആകെ 626 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും 37503 ടൺ എണ്ണയും ലാഭിച്ചു.

(അവാർഡ് ജേതാക്കളുടെ വിവരങ്ങൾ രണ്ടാമത്തെ പേജിൽ കൊടുത്തിരിക്കുന്നു).

# സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ്

## അവാർഡ് ജേതാക്കൾ/പ്രശസ്തിപത്രം ലഭിച്ചവർ

| വിഭാഗം 1 : വൻകിട ഊർജ്ജ ഉപഭോക്താക്കൾ | | വാർഷിക ഊർജ്ജ ലാഭം |
|---|---|---|
| അവാർഡ്, ഒരു ലക്ഷം രൂപ ക്യാഷ് പ്രൈസ് | അപ്പോളോ ടയേഴ്സ് ലിമിറ്റഡ്, കളമശ്ശേരി, എറണാകുളം | വൈദ്യുതി : 0.29 ദശലക്ഷം യൂണിറ്റ്<br>ഇന്ധനം: 351 ടൺ |
| അവാർഡ്, ഒരു ലക്ഷം രൂപ ക്യാഷ് പ്രൈസ് | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, തിരുവനന്തപുരം | വൈദ്യുതി : 232.2 ദശലക്ഷം യൂണിറ്റ് |
| പ്രശസ്തിപത്രം | സെന്റ്-ഗോബൈൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട് | വൈദ്യുതി : 0.371 ദശലക്ഷം യൂണിറ്റ്<br>ഇന്ധനം: 353.9 ടൺ |
| **വിഭാഗം 2 : ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ** | | **വാർഷിക ഊർജ്ജ ലാഭം** |
| അവാർഡ്, ഒരു ലക്ഷം രൂപ ക്യാഷ് പ്രൈസ് | എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ് - ആക്കുളം ഫാക്ടറി, തിരുവനന്തപുരം | വൈദ്യുതി : 0.26 ദശലക്ഷം യൂണിറ്റ്<br>ഇന്ധനം: 21 ടൺ |
| പ്രശസ്തിപത്രം | MRCMPU ലിമിറ്റഡ് കണ്ണൂർ ഡയറി, കണ്ണൂർ | വൈദ്യുതി : 0.01 ദശലക്ഷം യൂണിറ്റ്<br>ഇന്ധനം: 177 ടൺ |
| **വിഭാഗം 3 : ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ** | | **വാർഷിക ഊർജ്ജ ലാഭം** |
| പ്രശസ്തിപത്രം | BEML ലിമിറ്റഡ്, പാലക്കാട് കോംപ്ലക്സ്, പാലക്കാട് | വൈദ്യുതി : 0.0352 ദശലക്ഷം യൂണിറ്റ് |
| **വിഭാഗം 4 : കെട്ടിടങ്ങൾ** | | **വാർഷിക ഊർജ്ജ ലാഭം** |
| അവാർഡ്, ഒരു ലക്ഷം രൂപ ക്യാഷ് പ്രൈസ് | ക്വസ്റ്റ് ഗ്ലോബൽ എഞ്ചിനീയറിംഗ് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം | വൈദ്യുതി : 0.576 ദശലക്ഷം യൂണിറ്റ് |
| പ്രശസ്തിപത്രം | ഗ്രാൻഡ് ഹോട്ടൽ, എറണാകുളം | വൈദ്യുതി : 0.076 ദശലക്ഷം യൂണിറ്റ്<br>ഇന്ധനം: 7.884 ടൺ |
| | ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി (SCTIMST), തിരുവനന്തപുരം | വൈദ്യുതി: 2.5 ദശലക്ഷം യൂണിറ്റ് |
| **വിഭാഗം 5 : സംഘടനകൾ / സ്ഥാപനങ്ങൾ** | | |
| അവാർഡും ഒരു ലക്ഷം രൂപ ക്യാഷ് പ്രൈസും പങ്കിടുന്നു | കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജീസ് കൗൺസിൽ (K-DISC), തിരുവനന്തപുരം | |
| | ഗ്രീൻ ടെക്നോളജി സെന്റർ, കോഴിക്കോട് | |
| പ്രശസ്തിപത്രം | സെന്റ് തോമസ് കോളേജ് (സ്വയംഭരണം), തൃശ്ശൂർ | |
| **വിഭാഗം 6 : ഊർജ്ജകാര്യക്ഷമത കൂടിയ ഉപകരണങ്ങളുടെ പ്രമോട്ടർമാർ** | | |
| പ്രശസ്തിപത്രം | | EL SOL പവർ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, കോട്ടയം |
| **വിഭാഗം 7 : ആർക്കിടെക്ട്സ് & ഗ്രീൻ ബിൽഡിംഗ് കൺസൽട്ടൻസ്** | | |
| അവാർഡ്, 50000 രൂപ ക്യാഷ് പ്രൈസ് | | മേനോൻ ആർക്കിടെക്ചറൽ സൊല്യൂഷൻസ്, പാലക്കാട് |
| പ്രശസ്തിപത്രം | | ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, തിരുവനന്തപുരം |

## ഉണർവ് പരിശീലനം

ഇ.എം.സി. വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി സംഘടിപ്പിച്ചു വരുന്ന ഊർജ്ജസംരക്ഷണ അവബോധ പരിപാടിയായ ഉണർവ്വിന്റെ 51-ാമത് പരിശീലന പരിപാടി ഡിസംബർ 2 ന് ഇ.എം.സി. ഓഡിറ്റോറിയത്തിൽ വച്ച് നടന്നുകയുണ്ടായി. കൊല്ലം വിദ്യാഭ്യാസ ജില്ലയിലെ താമരക്കുടി ശിവവിലാസം VHSS സ്കൂളിലെ വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്ത പരിപാടിയിൽ അനൂപ് സുരേന്ദ്രൻ ഊർജ്ജ വിദഗ്ധൻ ഇ.എം.സി. സ്വാഗതവും ഊർജ്ജകാര്യക്ഷമതാ വിഭാഗം മേധാവി ജോൺസൻ ഡാനിയേൽ മുഖ്യപ്രഭാഷണവും വിദ്യാലയത്തിനുള്ള ഉണർവ്വ് ബോർഡ് വിതരണവും നടത്തി.



# കാർഷിക മേഖലയിലെ ഊർജ്ജകാര്യക്ഷമത; ശില്പശാലകൾ സംഘടിപ്പിച്ചു

കാർഷിക വികസന കർഷക ക്ഷേമ വകുപ്പും, എനർജി മാനേജ്മെന്റ് സെന്ററും ചേർന്ന് അസർ, ഇക്വിനോക്ട് എന്നീ സംഘടനകളുടെ സഹകരണത്തോടെ 'കാലാവസ്ഥ അതിജീവനശേഷിയും ഊർജ്ജകാര്യക്ഷമതയും കാർഷിക മേഖലയിൽ' എന്ന വിഷയത്തിൽ മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിൽ ഏകദിന ശില്പശാലകൾ സംഘടിപ്പിച്ചു.

കേരളത്തിലെ കാർഷികമേഖലയിൽ കാലാവസ്ഥ അതിജീവനശേഷിയും ഊർജ്ജകാര്യക്ഷമതയും വിപുലമാക്കുന്നതിനും അക്ഷയ ഊർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള വിവിധ സർക്കാർ പദ്ധതികളെക്കുറിച്ചുള്ള അവതരണങ്ങളും ചർച്ചകളും ശില്പശാലകളിൽ ഉൾപ്പെടുത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് വിജയകരമായി നടപ്പിലാക്കിയ മാതൃകകളെക്കുറിച്ചുള്ള പഠന റിപ്പോർട്ടുകളും അവതരിപ്പിച്ചു.

മലപ്പുറം ജില്ലയിൽ ഡിസംബർ 7 ന് ജില്ലാ പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ച ശില്പശാല ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം. കെ. റഫീഖ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ മുഹമ്മദ് സക്കീർ എൻ. എം. അദ്ധ്യക്ഷത വഹിച്ചു. ഇ.എം.സി.യിലെ ഊർജ്ജകാര്യക്ഷമതാ വിഭാഗം മേധാവി ജോൺസൺ ഡാനിയൽ സ്വാഗതം പറഞ്ഞു.



ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
കെ. ടി. ബിനു ശില്പശാല ഉദ്ഘാടനം ചെയ്യുന്നു

ഇടുക്കി ജില്ലാ പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ശില്പശാല ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ടി. ബിനു ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ സലീനമ്മ കെ. പി. അദ്ധ്യക്ഷത വഹിച്ചു. ഇ.എം.സി.യിലെ എനർജി ടെക്നോളജിസ്റ്റ് ടോംസൺ സെബാസ്റ്റ്യൻ സ്വാഗതം പറഞ്ഞു. ഇക്വിനോക്ട് സി.ഇ.ഒ. സി. ജി. മധുസൂദനൻ നന്ദി പ്രകാശിപ്പിച്ചു.

## കാർഷികജ്യോതി ശില്പശാലകൾ

കാർഷിക മേഖലയിൽ ഊർജകാര്യക്ഷമതയും ഊർസംരക്ഷണവും നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ഇ.എം.സി. ശില്പശാലകൾ സംഘടിപ്പിച്ചു. ഫാർമേഴ്സ് ക്ലബ്ബുകൾ, ഫാർമേഴ്സ് അസോസിയേഷൻ, ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ തുടങ്ങിയവയുടെ സഹകരണത്തോടുകൂടിയാണ് കർഷകർക്കായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചത്. 23 ബോധവൽക്കരണ പരിപാടികളിലായി 967 പേർ പങ്കെടുത്തു. നവംബർ 15-ാം തീയതി മുതൽ ഡിസംബർ 5-ാം തീയതി വരെയാണ് ശില്പശാലകൾ സംഘടിപ്പിച്ചത്.

കാർഷികരംഗത്ത് ഊർജ്ജകാര്യക്ഷമതയും ഊർജ്ജസംരക്ഷണവും ഉറപ്പുവരുത്തുന്നതിലൂടെ ഉൽപാദന ചിലവ് കുറയ്ക്കുന്നതിനും ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കുന്നതിനും സാധിക്കുന്നു. ഇതിന് കർഷകരെ പ്രാപ്തരാക്കുക എന്ന ഉദ്ദേശത്തോടു കൂടിയാണ് ഇ.എം.സി.യുടെ പ്രത്യേക പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചത്.

## എനർജി എഫിഷ്യൻസി പോളിസി പരിശീലനം




സംസ്ഥാന-ദേശീയ സർക്കാർ ഉദ്യോഗസ്ഥർക്ക് ഫലപ്രദമായ ഊർജ്ജകാര്യക്ഷമതാ നയം സ്വീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും സഹായകരമാകുവാൻ ബിഇഇ പ്രത്യേക പരിഗണന നല്കി ഇന്റർനാഷണൽ എനർജി ഏജൻസി (IEA) വികസ്വര സമ്പദ്വ്യവസ്ഥകൾക്ക് ഊർജ്ജ കാര്യക്ഷമതാ നയരൂപീകരണ പരിശീലനം നല്കുന്നതിന് വേണ്ടി സംഘടിപ്പിക്കുന്ന പരിശീലനവാര പരിപാടിയുടെ 16-ാമത് ലക്കം ഡൽഹിയിലെ ഇന്ത്യ ഹാബിറ്റാറ്റ് സെന്ററിൽ 2023 ഡിസംബർ 11 മുതൽ 14 വരെ സംഘടിപ്പിച്ചു. അലയൻസ് ഫോർ എനർജി എഫിഷ്യന്റ് എക്കണോമിയുമായും കൂടി സഹകരിച്ചാണ് ഐ. ഇ.എ, പരിശീലനം സംഘടിപ്പിച്ചത്.

വളർന്നുവരുന്ന സമ്പദ്വ്യവസ്ഥകളിൽ നിന്നുള്ള നയരൂപകർത്താക്കൾക്കിടയിൽ കാര്യശേഷി വളർത്തിയെടുക്കുകയും കാര്യക്ഷമമായ ഊർജ്ജകാര്യക്ഷമതാ നയങ്ങൾ വികസിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള അറിവും വൈദഗ്ധ്യവും നൽകി അവരെ സജ്ജമാക്കുകയും ചെയ്യുക എന്നതായിരുന്നു പരിശീലനത്തിന്റെ ലക്ഷ്യം.

കെട്ടിടങ്ങൾ, വീട്ടുപകരണങ്ങളും മറ്റ് ഉപകരണങ്ങളും, വ്യവസായമേഖല, ഗതാഗതമേഖല, ഊർജ്ജ സംരക്ഷണ നയങ്ങളുടെ പ്രവർത്തന-വിലയിരുത്തലുകൾക്കുള്ള സൂചകങ്ങളും ഉപാധികളും തുടങ്ങി വിവിധ വിഷയങ്ങളിൽ ഗ്രൂപ്പ് തിരിച്ച് പ്രഭാഷണങ്ങൾ, സംവാദങ്ങൾ തുടങ്ങിയവ നടന്നു. ഈ പരിശീലനത്തിൽ ഇ.എം.സി.യെ പ്രതിനിധീകരിച്ച് ജോയിന്റ് ഡയറക്ടർ ദിനേശ് കുമാർ എ. എൻ., ഊർജ്ജകാര്യക്ഷമത വിഭാഗം തലവൻ ജോൺസൺ ഡാനിയൽ, എനർജി ടെക്നോളജിസ്റ്റുകളായ ശരത് കൃഷ്ണൻ എസ്., ടോംസൺ സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു.

# ദേശീയ ഊർജ്ജസംരക്ഷണ ദിനാചരണം



വെഞ്ഞാറമൂട് യു.പി സ്ക്കൂളിൽ സംഘടിപ്പിച്ച പരിപാടി വാമനപുരം എം.എൽ.എ. ഡി. കെ. മുരളി ഉദ്ഘാടനം ചെയ്യുന്നു

ദേശീയ ഊർജ്ജസംരക്ഷണ ദിനമായ ഡിസംബർ 14 ന് ഇ.എം.സി.യുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം വിപുലമായ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു. ഉർജ്ജസംരക്ഷണത്തിന്റെ ആവശ്യകതയെ ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായാണ് ഈ ദിനം ആചരിക്കുന്നത്. വൊക്കേഷണൽ ഹയർസെക്കണ്ടറി തലത്തിലുള്ള നാഷണൽ സർവീസ് സ്കീമുമായി (NSS) സഹകരിച്ചാണ് ഇ.എം.സി. പരിപാടികൾ സംഘടിപ്പിച്ചത്. വിവിധ സ്ക്കൂളുകൾ, ഗ്രാമ പഞ്ചായത്തുകൾ, ലൈബ്രറികൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവടങ്ങളിലായി 341 കേന്ദ്രങ്ങളിലാണ് ഊർജ്ജസംരക്ഷണ ദിനാചരണ പരിപാടി സംഘടിപ്പിച്ചത്.

ഗവ യു.പി.എസ് വെഞ്ഞാറുംമൂടിൽ സംഘടിപ്പിച്ച സൈക്കിൾ റാലിയും മറ്റ് മത്സര പരിപാടികളും വാമനപുരം എം.എൽ.എ. ഡി. കെ. മുരളി ഉദ്ഘാടനം ചെയ്തു. ഇ.എം.സി. ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ഊർജ്ജസംരക്ഷണ ദിനാചരണ പരിപാടിയിൽ വികടറി കോളേജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ ഓലത്താന്നിയിലെ വിദ്യാർത്ഥികൾ പങ്കെടുത്തു.

ലൈബ്രറി ഇൻഫർമേഷൻ ഓഫീസർ സിന്ധു എസ് കുമാർ സ്വാഗതം പറഞ്ഞു. എനർജി ടെക്നോളജിസ്റ്റ് അനൂപ് സുരേന്ദ്രൻ ഊർജ്ജസംരക്ഷണ പ്രതിജ്ഞ ചൊല്ലി കൊടുക്കുകയും അവബോധ ക്ലാസ്സ് നയിക്കുകയും ചെയ്തു.

## ഊർജ്ജസംരക്ഷണത്തിൽ പങ്കാളികളാകൂ... സമ്മാനങ്ങൾ നേടൂ...



ഊർജ്ജസംരക്ഷണവുമായി ബന്ധപ്പെട്ട ഹ്രസ്വ പരസ്യവാചകങ്ങളോ (slogan) മുദ്രാവാക്യങ്ങളോ തയ്യാറാക്കി 2024 ഫെബ്രുവരി 10ന് മുമ്പായി

*emck@keralaenergy.gov.in*

എന്ന മെയിലിലേക്ക് അയയ്ക്കൂ..

**ആകർഷകമായ സമ്മാനങ്ങൾ നേടൂ**

*തിരഞ്ഞെടുക്കപ്പെടുന്ന മദ്രാവാകൃങ്ങൾക്ക് ആകർഷകമായ സമ്മനാങ്ങൾ നൽകുന്നതാണ്

ഊർജ്ജപത്രികയെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ ഞങ്ങളെ അറിയിക്കാനായി QR കോഡ് സ്കാൻ ചെയ്യൂ... അല്ലെങ്കിൽ *emck@keralaenergy.gov.in* എന്ന ഐ.ഡി.യിലേക്ക് ഇമെയിൽ അയയ്ക്കൂ




പെരിഞ്ഞനം RMVHSSൽ സംഘടിപ്പിച്ച ഊർജ്ജസംരക്ഷണ ദിനാചരണ റാലി



തൃത്തല്ല കമല നെഹ്റു മെമ്മോറിയൽ VHSS ൽ വിദ്യാർത്ഥികൾ ഊർജ്ജസംരക്ഷണ വലയം



കൊല്ലം ജില്ലയിലെ കേരളപുരത്തെ സൗപർണിക കാഷ്യൂസിൽ സംഘടിപ്പിച്ച ഊർജ്ജസംരക്ഷണ ദിനാചരണ പരിപാടി




കോട്ടയം മുനിസിപ്പാലിറ്റി കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ഊർജ്ജസംരക്ഷണ ദിനാചരണ പരിപാടി



Published by **Dr. R. Harikumar**, Director, EMC

Editorial board
Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256